# അശ്റഖ ബൈത്ത്
# اَشْرَقَ بَيْتْ

أَشْرَقَ الْبَدْرُ عَلَيْنَا     فَاخْتَفَتْ مِنْهُ الْبُدُورُ
مِثْلَ حُسْنِكَ مَارَأَيْنَا     قَطُّ يَا وَجْهَ السُّرُورِ

1. ഞങ്ങളിൽ 'മുഹമ്മദ് നബിയാകുന്ന പൗർണ്ണമി ഉദയം ചെയ്തു. അത് കാരണം പൂർണ്ണചന്ദ്രന്മാരെല്ലാം അപ്രത്യക്ഷ്യമായി. സന്തോഷത്തിന്റെ വജനമേ, അങ്ങയുടെ സൗന്ദ ര്യം പോലെയുള്ള ഒരു സൗന്ദര്യം ഞങ്ങൾ കണ്ടിട്ടില്ല തന്നെ.

أَنْتَ شَمْسٌ أَنْتَ بَدْرٌ     أَنْتَ نُورٌ فَوقَ النُّورِ
أَنْتَ اِكْسِيرٌ وَعَالِي     أَنْتَ مِصْبَاحُ الصُّدُورِ

2. അങ്ങ് സൂര്യനാണ്, പൂർണ്ണ ചന്ദ്രനാണ്, മേൽക്കുമേലുള്ള പ്രകാശമാണ്. തങ്ങൾ ജീവാമൃതമാണ്, അല്ല അതിനേക്കാൾ ഉന്നതമാണ്, തങ്ങൾ ഹൃദയങ്ങളുടെ വിളക്കുമാണ്.

يَاحَبِيبِي يَا مُحَمَّدْ     يَاعَرُوسَ الخَافِقَيْنِ
يَامُؤَيَدْ يَا مُمَجَّدْ     يَاإمَامَ القِبْلَتَيْنِ

3. എന്റെ ഇഷ്ടഭജനമേ, മുഹമ്മദ് നബിയേ, പൂർവ്വ പശ്ചിമദിക്കുകളുടെ മണവാളാ, കരുത്ത് നേടിയവരേ, പ്രശംസ പിടിച്ച് പറ്റിയവരേ, രണ്ട് ഖിബ്ലയിലേക്ക് നിസ്കരിച്ച നായകാ.

مَنْ رَأى وَجْهَكَ يَسْعَدْ     يَا كَرِيمَ الْوَالِدَيْنِ
حَوضُكَ الصَّافِي الْمُبَرَّدْ     وِرْدُنَا يَومَ النُّشُورِ

4. മാന്യരായ മാതാപിതാക്കളുടെ സന്താനമേ, അങ്ങയുടെ മുഖം കണ്ടവർ ഭാഗ്യവാനായി, തങ്ങളുടെ നിർമല ശീതള ജലാശയ പുനരുത്ഥാന നാളിലെ ഞങ്ങളുടെ ദാഹജലമാണ്.

مَارَأَيْنَا العِيسَ حَنَّتْ     بِالسُّرَى إلاَّإلَيْكَ
ولَعَمَامَةَ قَدْ أظَلَّتْ     وَالْمَلاَ صَلُّوا عَلَيْكَ

5. തങ്ങളുടെ അടുത്തേക്കല്ലാതെ ചാരനിറമുള്ള ഒട്ടകങ്ങൾ രാത്രി കാലങ്ങളിൽ ആശിച്ചു വരുന്നത് ഞങ്ങൾ കണ്ടിട്ടില്ല. മേഘം തങ്ങൾക്ക് തണൽ വിരിച്ചു. ജനസമൂഹം തങ്ങൾക്ക് അനുഗ്രഹത്തിനും ഗുണത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

وَاَتَاكَ العِيدُ يَبْكِي     وَتَذَلَّلْ بَيْنَ يَدَيْكَ
وَاسْتَجَارَكَ يَا حَبِيبِي     عِنْدَكَ الظَّبْيُ النُّفُورُ

6. ഒരു ഒട്ടകം തങ്ങളുടെ സന്നിധിയിൽ വന്നു. താഴ്ച ചെയ്തു കരഞ്ഞുവല്ലോ, ഹബീബായ നബിയേ, വിരണ്ടോടിയ മാൻ അങ്ങയോട് അഭയം തേടുകയും പരാതി പറയുകയും ചെയ്തുവല്ലോ.

حِينَ مَا شَدُّ المَحَامِلْ     وَتَنَادَوْ لِلرَّحِيلِ
جِئْتُهُمْ وَالدَّمْعُ سَائِلْ     قُلْتُ قِفْ لِي يَا دَلِيلُ

7. അവ (മദീന യാത്രക്കായി) ഒട്ടകങ്ങൾ കെട്ടി ശരിയാക്കിയപ്പോൾ യാത്ര പുറപ്പെടാനായി പരസ്പരം വിളിച്ചപ്പോൾ ഞാൻ കണ്ണീർ ഒഴുക്കി കൊണ്ട് അവരുടെ അുെത്ത് ചെന്ന് പറഞ്ഞു : അല്ലയോ വഴി അറിയുന്നവരേ , എനിക്ക് വേണ്ടി ഒന്ന് നിൽക്കൂ.

وَتَحَمَّلْ لِي رَسَائِلْ     أَيُّهَا الشَّوقُ الجَزِيلُ
نَحْوَهَاتِيكَ المَنَازِلْ     فِي العَشَايَا وَالْبُكُورِ

8. ഹേ, അപാരമായ അനുരാഗമേ, ആ വീടുകളുടെ ഭാഗത്തേക്ക് രാവിലേയും, വൈകുന്നേരവും എന്റെ കത്തുകൾ കൂടി എടുത്ത് പോകൂ.

كُلُّ مَنْ فِي الكَونِ هَامُوا     فِيكَ يَا بَاهِي الْجَبِينُ
وَلَهُمْ فِيكَ غَرَامٌ     وَاشْتِيَاقٌ وَحَنِينُ

9. ഹേ, തിളങ്ങുന്ന നെററിത്തടമുള്ളവരേ, അങ്ങയെ ലോകത്തുള്ള വർ മുഴുവനും പരിധിവിട്ട് സ്നേഹിച്ചിരിക്കുന്നു. അവർക്ക് തങ്ങളോട് ഹൃദയം കവർന്ന സ്നേഹവും കാണാനുള്ള ശക്തിയായ അനുഗ്രഹവും അതിനായുള്ള കരച്ചിലുമുണ്ട്.

فِي مَعَانِيكَ الاَنَامُ     قَدتَّبَدَتْ حَائِرِينَ
أَنْتَ لِلرُسُلِ خِتَامٌ     أَنْتَ لِلْمَولَي شَكُورُ

10. അങ്ങയുടെ ഗുണമഹിമയെപ്പററി ചിന്തിച്ച് ജനങ്ങൾ പ്രകടമായ പരിഭ്രമത്തിലാണ്. അങ്ങ് ദൈവദൂതന്മാരുടെ സമാപ്തിയാകുന്ന അങ്ങയുടെ നാഥനോട് നന്ദിയുള്ള വരാകുന്നു.

عَبْدُكَ الْمِسْكِينُ يَرْجُوا     فَضْلَكَ الْجَمَّ الغَفِيرُ
فِيقَ قَدْ اَحْسَنْتُ ظَنِّي     يَا بَشِيرُ يَا نَذِيرُ

11. അങ്ങളുടെ സാധുവായ ഈ ദാസൻ അവിടുത്തെ വമ്പിച്ച ഔദാര്യങ്ങൾ കാംക്ഷിക്കുന്നു. (സ്വർഗം കൊണ്ട്) സന്തോഷ വാർത്ത അറിയിക്കുന്നവരേ, (നരകം കൊണ്ട്) ഭയപ്പെടുത്തുന്നവരേ, അങ്ങയെപ്പററി ഞാൻ നല്ലത് മാത്രം വിചാരിക്കുന്നു.

فَاغْثِنِي وَاَجِرْنِي     يَا مُجِيرُ مِنَ سَعِيرِ
يَاغِيَاثِي يَامَلَاذِي     فِي مُلِمَّاتِ الأُمُورِ

12. നരകവാസികളെ , നരകത്തിൽ നിന്ന് രക്ഷിക്കുന്ന രക്ഷകാ, അങ്ങ് എന്നെ സഹായിക്കുകയും , രക്ഷിക്കുകയും ചെയ്യേണമേ, വേദനാജനകമായ കാര്യങ്ങളിൽ നിന്ന് രക്ഷിക്കാനായി ഞാൻ അവലംബിക്കുന്ന അഭയകേന്ദ്രമേ.

فَازَعَبْدٌ قَدتَّمَلَّي     وَانْجَلَي عَنْهُ الهُمُومُ
فِيكَ يَا بَدْرٌ تَجَلَّي     فَلَكَ الْوَصْفُ الحَسِينُ
لَيْسَ اَزْكَي مِنْكَ اَصْلاً     قَطُّ يَا جَدَّ الْحُسَيْنِ
فَعَلَيْكَ اللّهُ صَلَّي     دَائِمًا طُولَ الدُّهُورِ

13. അങ്ങയോടുള്ള സ്നേഹം ആസ്വദിച്ച് ഹൃദയം പാരുഷം നീങ്ങിയ അടിമകൾ വിജയിച്ചു. ഹേ, വെളിക്ക് പുറത്ത് വന്ന പൗർണ്ണമീ, ! അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങേയ്ക്ക് ഉത്തമ ഗുണങ്ങളുണ്ടല്ലോ, (ലോക പ്രശസ്തനായ) ഹുസൈൻ (റ) യുടെ പിതാമഹാ, മാതൃപിതൃ മഹത്വം കൊണ്ട് അങ്ങയേക്കാൾ പവിത്രമായവർ തീരെ ഇല്ലതന്നെ. കാലം നീളെ അനുസ്യൂതം അല്ലാഹു അങ്ങേയ്ക്ക് അനുഗ്രഹം വർഷിക്കട്ടെ.

يَا وَلِيَ الْحَسَنَاتِ     يَا رَفِيعَ الدُّرَجَاتِ
كَفِّرَنْ عَنِّي الذُّنُوبِ     وَاغْفِرَنْ لِي سَيِّئَاتِ

14. സൽകർമ്മങ്ങളുടെ ഉടമസ്ഥനായ അല്ലാഹുവേ! പദവികൾ ഉയർത്തുന്നവരേ, എന്റെ പാപങ്ങൾ പൊറുക്കുകയും , തെററുകൾ മാപ്പാക്കുകയും, ചെയ്യേണമേ.

أَنْتَ غَفَّارُ الخَطَايَا     وَالذُّنُوبِ المُوبِقَاتِ
أَنْتَ سَتَّارُ الْمَسَاوِي     وَمُقِيلُ العَثَرَاتِ
عَالِمُ السِّرِّ وَاَخْفَي     مُسْتَجِيبُ الدَّعَوَاتِ
رَبِّ وَارْحَمْنَا جَمِيعَا     بِجَمِيعِ الصَّالِحَاتِ

15. അല്ലാഹുവേ, നീ മാരകമായതും, അല്ലാത്തതുമായ പാപങ്ങൾ ഏറെ പൊറുക്കുന്നവനും കുറവുകൾ മറക്കുന്നവനും വീഴ്ചകൾ തിരുത്തുന്നവനുമാണ്. രഹസ്യവും പരസ്യവും അറിയുന്ന പ്രാർത്ഥനക്ക് ഉത്തരം ചെയ്യുന്ന അല്ലാഹുവേ, എല്ലാ സൽകർമ്മം കൊണ്ടും നീ അനുഗ്രഹിക്കേണമേ.